## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1280** — **10-10-2024 - ൽ മറുപടിയ്ക്ക്**

### പുതുക്കാട് മണ്ഡലത്തിലെ റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പുതുക്കാട്, നന്തിക്കര, നെല്ലായി, ആലത്തൂർ റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | പുതുക്കാട്, നന്തിക്കര, നെല്ലായി, ആലത്തൂർ, റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ GAD, അംഗീകാരത്തിനായി റെയിൽവേയിൽ സമർപ്പിച്ചിരിക്കുകയാണ്. GAD ക്ക് റെയിൽവേയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | റെയിൽവേ നിർദ്ദേശിച്ച എല്ലാ മാനദണ്ഡങ്ങൾക്കും അനുസരിച്ച് അലൈൻമെന്റിലടക്കം മാറ്റം വരുത്തുകയും, കിഫ്ബി ഫണ്ട് ഉപയോഗിച്ച് അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുകയും ചെയ്ത പുതുക്കാട് റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണത്തിനായി റെയിൽവേയുടെ അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഉണ്ടാകുമോ; | (ബി) | പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ പൂർത്തിയായതിനാൽ ഇതിന്റെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംങ് (GAD) പ്രത്യേക പരിഗണനയിൽ അംഗീകരിച്ച് നൽകണമെന്ന് റെയിൽവേയോട് ആവശ്യപ്പെടുകയും 3rd line അലൈൻമെന്റിന് വേണ്ടി റെയിൽവേ ആവശ്യപ്പെട്ട മാറ്റങ്ങൾ വരുത്തിയ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംങ് (GAD) 05.01.2024 ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് റെയിൽവേയുടെ പരിഗണനയിലാണ്. റെയിൽവേയുടെ DRM, തിരുവനന്തപുരം ഡിവിഷൻ വരെയുള്ളവർ ജി.എ.ഡി. അംഗീകരിച്ചിട്ടുണ്ട്. ചീഫ് ബ്രിഡ്ജ് എഞ്ചിനീയർ, ചെന്നൈ കൂടി അംഗീകരിച്ചശേഷം ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകുവാൻ സാധിക്കും. |
| (സി) | നന്തിക്കര, നെല്ലായി, ആലത്തൂർ റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണത്തിനാവശ്യമായ അനുമതി ലഭ്യമാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | നെല്ലായി, ആലത്തൂർ, നന്തിക്കര റെയിൽവേ ഓവർ ബ്രിഡ്ജുകൾ റെയിൽവേയുടെ എറണാകുളം ഷൊർണ്ണൂർ സെക്ഷനിൽ വരുന്ന പ്രവൃത്തിയാണ്. എറണാകുളം ഷൊർണ്ണൂർ സെക്ഷന് ഇടയിൽ വരുന്ന ആർ.ഒ.ബി. കളുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംങ് (GAD) റെയിൽവേയുടെ 3rd line -ന്റെ അലൈൻമെന്റ് അന്തിമമായതിന് ശേഷം മാത്രമേ അംഗീകാരം നൽകുവാൻ സാധിക്കുകയുള്ളൂ. എന്ന് 11.07.2022-ലെ കത്ത് പ്രകാരം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, സതേൺ റെയിൽവേ അറിയിച്ചിരുന്നു. റെയിൽവേയുടെ ഉന്നതതല യോഗങ്ങളിൽ ഈ |

| | | | |
|---|---|---|---|
| | | | വിഷയം ഉന്നയിക്കുകയും 3rd line അലൈൻമെന്റ് അന്തിമമാക്കി, ആർ.ബി.ഡി.സി.കെ. യുടെ കീഴിലുള്ള ആർ.ഒ.ബി. കളുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംങ് (GAD) അംഗീകാരം നൽകാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 23.08.2024 ന് നടന്ന സംസ്ഥാന സർക്കാരും ദക്ഷിണ റെയിൽവേയും തമ്മിലുള്ള ബൈ മന്തിലി അവലോകന യോഗത്തിൽ 3rd line അലൈൻമെന്റിന്റെ പൂർത്തീകരണം അവസാന ഘട്ടത്തിലാണെന്നും ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംങ് (GAD) അംഗീകാരം പരിഗണനയിൽ ഉണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ